കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - വേങ്ങര ഗ്രാമപഞ്ചായത്ത് - സ്കൂൾതല കലോത്സവവും കായിക മേളയും നടത്തിപ്പ് - തുക നൽകുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം.609/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 03.03.2018.

---

വായന : 1) വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്

2) സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018 ലെ 4.30 നമ്പർ യോഗതീരുമാനം

## ഉത്തരവ്

2016-17-ൽ വേങ്ങര ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾതല കലോത്സവവും കായിക മേളയും നടത്തുകയുണ്ടായെന്നും ആയതിന് തനത് ഫണ്ടിൽ നിന്ന് 1,25,000/- രൂപ നീക്കിവെയ്ച്ച് പ്രോജക്ട് (പ്രോ.നം. 124/17) തയ്യാറാക്കിയിരുന്നുവെന്നും മേള നടത്തിപ്പിന് 1,23,255/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും ടി തുക നൽകാൻ അനുമതി നല്കണമെന്നും വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ വായന (2) ലെ തീരുമാന പ്രകാരം വേങ്ങര ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സ്കൂൾതല കലോത്സവത്തിനും കായിക മേളയ്ക്കും ചെലവായ 1,23,255/- രൂപ നല്കാൻ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം .
പ്രസിഡന്റ്/സെക്രട്ടറി, വേങ്ങര ഗ്രാമ പഞ്ചായത്ത്,മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ